ജന്മഭൂമി

Janmabhumi, The National Daily in Malayalam Since 1975




**ഇടപ്പള്ളി ബ്രഹ്മസ്ഥാനം കാമ്പസിൽ നടന്ന സമാരംഭം 2025 ഉദ്ഘാടനം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക് നിർവഹിക്കുന്നു**

# അമൃതയിൽ പുതിയ ബാച്ച് വിദ്യാർത്ഥികളെ വരവേറ്റു

**കൊച്ചി:** ബ്രഹ്മസ്ഥാനം കാമ്പസിൽ നടന്ന സമാരംഭം 2025 എന്ന പരിപാടിയിലൂടെയാണ് ഈ വർഷം പുതുതായെത്തിയ എഴുന്നൂറോളം വിദ്യാർത്ഥികളെ അമൃത സ്വാഗതം ചെയ്തത്. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക് മുഖ്യാതിഥിയായിരുന്നു. അമൃത സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് മോളിക്യുലാർ മെഡിസിൻ വിഭാഗം മേധാവി ഡോ. ശാന്തികുമാർ നായർ അധ്യക്ഷത വഹിച്ചു. യുഎസ്എയിലെ ജോർജിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ എയ്റോസ്പേസ് എഞ്ചിനീയറിങ് മുൻ പ്രൊഫസർ ഡോ. നാരായണൻ മേനോൻ കൊമേരത്ത്, ഹ്യൂസ്റ്റൺ സർവകലാശാല സോഷ്യോളജി ആൻഡ് ഇന്ത്യാ സ്റ്റഡീസിലെ മുൻ പ്രൊഫസർ ഡോ. ശരത് മേനോൻ, ഡോ. പി. രാജശേഖർ എന്നിവർ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു. കാമ്പസ് ഡയറക്ടറും ഡീനുമായ ഡോ. യു. കൃഷ്ണകുമാർ, വൈസ് പ്രിൻസിപ്പാൾ ഡോ. പി ബാലസുബ്രഹ്മണ്യം എന്നിവർ സംസാരിച്ചു.